രണം നടത്തി ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മണ്ഡരിരോഗം ബാധിച്ച തേങ്ങയിൽനിന്നും ലഭിക്കുന്ന കൊപ്ര ഗുണനിലവാരം കുറഞ്ഞതാണ് എന്ന കാരണത്താൽ വിപണിയിൽ കൊപ്ര വാങ്ങാൻ ആളുകൾ തയ്യാറാകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്നറിയുമോ?

ഉത്തരം

(എ) റബ്ബറിന്റെ വിലയിടിവ് തടയുവാൻ എസ്.ടി.സി.മുഖേന റബ്ബർ സംഭരിക്കും, കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതിയനുസരിച്ച്, റബ്ബർമാർക്ക്, റബ്കോ, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖേന, ഒരു കിലോ റബ്ബറിന് 50 പൈസ മാർക്കറ്റ് വിലയേക്കാൾ അധികം നൽകുകയും, 50 പൈസ കൈകാര്യ ചെലവിനത്തിൽ നൽകിയും റബ്ബർ സംഭരിക്കുകയും അത് വിദേശത്ത് കയറ്റി അയയ്ക്കുകയും ചെയ്യുന്നു. കയറ്റി അയയ്ക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കുന്നതാണ്.

നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയ്ക്ക് നാഫെഡിനുവേണ്ടി കേരഫെഡും മാർക്കറ്റ്ഫെഡും കൊപ്ര സംഭരണം നടത്തുന്നു.

(ബി) താങ്ങുവില പ്രഖ്യാപിക്കേണ്ടത് കേന്ദ്രസർക്കാരാണ്. റബ്ബറിന്റെയും കൊപ്രയുടേയും താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോടും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി നേരിട്ടും ചർച്ച നടത്തുകയും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) എസ്.ടി.സി.യെ റബ്ബറിന്റെ വാങ്ങൽ നികുതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) മണ്ഡരി രോഗംമൂലം തൂക്കത്തിലല്ലാതെ എണ്ണയുടേയോ, പിണ്ണാക്കിന്റെയോ ഗുണനിലവാരത്തിൽ മാറ്റമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നാഫെഡുവഴി നാളികേര സംഭരണം

(383) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. ബാബു :
ഡോ. എം.എ കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) നാളികേരം സംഭരിക്കുവാൻ നാഫെഡിന് നിർദ്ദേശം നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഫലം എന്തായി എന്ന് വ്യക്തമാക്കുമോ;

(സി) ഇതുകൊണ്ട് സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നാഫെഡു മുഖേനയാണ് കേരളത്തിലെ താങ്ങുവില പ്രകാരമുള്ള കൊപ്ര സംഭരണം നടത്തിക്കൊണ്ടിരിക്കുന്നത്.

(സി) കേര കർഷകന് നാളികേരത്തിന് വിലയിടിവുണ്ടാകുന്ന സന്ദർഭങ്ങളിൽ ഉയർന്ന താങ്ങുവിലയ്ക്ക് കൊപ്ര വിൽക്കുവാനാകുന്നു. നാളികേരത്തിനും കൊപ്രയ്ക്കും വിലയിടിവ് ഉണ്ടാകാതെ കർഷകരെ സഹായിക്കുവാനാണ് ഈ സംഭരണം നടപ്പാക്കുന്നത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[9.30 A.M.]

മി. സ്പീക്കർ : ശ്രദ്ധക്ഷണിക്കൽ.....ശ്രീ. പി.ജെ. ഫ്രാൻസിസ്

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഞങ്ങൾ വളരെ പ്രധാനപ്പെട്ട .....

മി. സ്പീക്കർ : ശരി, പ്രതിപക്ഷ നേതാവിന് പറയുവാനുള്ളത് പറയാം.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, കേരളത്തിലെ രണ്ട് ലക്ഷത്തോളം വിദ്യാർത്ഥികളും അവരുടെ രക്ഷകർത്താക്കളും ഇന്ന് പ്ലസ് ടു-വിന് അഡ്മിഷൻ കിട്ടാതെ ബുദ്ധിമുട്ടുകയാണ്. അതിനൊരു പരിഹാരമുണ്ടാകണം. അതുപോലെതന്നെ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിലുണ്ടായിട്ടുള്ള അഴിമതികളെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ മാറ്റിനിർത്തിക്കൊണ്ട് അന്വേഷണം നടത്തണമെന്ന് ഇവിടെ ആവശ്യപ്പെട്ടിരുന്നതാണ്. ഇവയ്ക്ക് ഒരു തീരുമാനമുണ്ടാകാതെ എങ്ങനെയാണ് മുന്നോട്ടുപോകുന്നത്? അതിനെക്കുറിച്ച് ഗവൺമെന്റ് ഒരു ചർച്ചയ്ക്കുപോലും തയ്യാറായിട്ടില്ല.....(ബഹളം) .....

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ രണ്ടുദിവസമായി ഈ നിയമസഭാതലത്തിൽ സജീവമായി നടക്കുന്ന പ്രശ്നം അങ്ങയുടെ മുൻപിൽ അവതരിപ്പിച്ചു. സ്വാഭാവികമായും ഭരണപക്ഷത്ത് നിന്ന് മുഖ്യമന്ത്രി അതിനെക്കുറിച്ച് മറുപടി പറയണം. പ്രതിപക്ഷ നേതാവ് ഈ പ്രശ്നം ഇവിടെ ഉന്നയിച്ചിട്ടും വളരെ നിസ്സംഗതയോടെ ഭരണകക്ഷി നേതാക്കളും മുഖ്യമന്ത്രിയുമടക്കം ഇരിക്കുന്നു. ഞങ്ങൾക്ക് അറിയേണ്ടത് ഗവൺമെന്റിന്റെ നിലപാടാണ്. ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് ഞങ്ങൾക്ക് അറിയണം. രണ്ട് ലക്ഷം വിദ്യാർത്ഥികളുടെ കാര്യമാണ്. നിങ്ങൾക്ക് ഇത് തമാശയാണ്. കേരളത്തിലെ ജനങ്ങൾക്കും ഞങ്ങൾക്കും ഇത് തമാശയല്ല. ഗവൺമെന്റ് മറുപടി പറയട്ടെ. ഗവൺമെന്റ് ഒരു മറുപടിപോലും പറയുന്നില്ല. ഗവൺമെന്റിന്റെ നിലപാട് പറയണ്ടേ? ഇതിനെക്കുറിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്? ഉത്തരവാദിത്വബോധത്തോടെ പ്രതിപക്ഷ നേതാവ് ഒരു കാര്യം ഉന്നയിച്ചാൽ ഗവൺമെന്റ് അതിന് മറുപടി പറയണം. ഗവൺമെന്റ് റിയാക്ട് ചെയ്യണം. മുഖ്യമന്ത്രി പറയട്ടെ.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഇന്നലേയും മിനിഞ്ഞാന്നും പറഞ്ഞതുതന്നെയാണ്. ഇക്കാര്യത്തിൽ ഇന്നും പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മറുപടിയിൽ പുതിയതായി ഒന്നുമില്ല.

(ബഹളം) .....(ബഹളം) .....

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി തുടർന്നുള്ള സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കപ്പെട്ടില്ല.)

II. ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII – വ്യവസായങ്ങൾ

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000 - 2001

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	27-3-2000-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെതുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XXXVII	വ്യവസായങ്ങൾ	37,04,62,000	65,40,05,000	74,09,23,000	1,30,80,10,000	2,04,89,33,000

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, വ്യവസായങ്ങൾ എന്ന XXXVII –ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ധനകാര്യ വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്-മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ച് വ്യവസായങ്ങൾ എന്ന XXXVII –ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. †

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : ചർച്ച ഇല്ല, മറുപടി ഇല്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : വ്യവസായങ്ങളെന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly